**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2175 — 11.06.2018 ൽ മറുപടിക്ക്

**ചാലക്കുടി താലൂക്ക് ആശുപത്രിക്ക് മാലിന്യസംസ്കരണ പ്ലാന്റ്**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി സർക്കാർ താലൂക്ക് ആശുപത്രിക്ക് സമീപമുള്ള വീടുകളിലെ കിണറുകളിൽ വെള്ളം മലിനമായത് സംബന്ധിച്ച് പ്രദേശത്തെ ജനങ്ങൾ പരിഭ്രാന്തരായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.എം.എൽ.എ.ശ്രീ.ബി.ഡി. ദേവസ്സി ജില്ലാ വികസനസമിതി യോഗത്തിൽ മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കിണറുകളിലെ ജലം മലിനപ്പെട്ടതിന്റെ കാരണം ആരോഗ്യ വകുപ്പിന് അറിയാമോ;എങ്കിൽ വിശദമാക്കാമോ? | (ബി) | ബഹു.ചാലക്കുടി എം.എൽ.എ.യുടെ നിർദ്ദേശം അനുസരിച്ച് ആരോഗ്യ വകുപ്പ ഡയറക്ടർ ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ടിനോട് വിശദീകരണം തേടുകയും 30.04.2018 ന് ടെക്നിക്കൽ അസിസ്റ്റന്റ് നടത്തിയ പരിശോധനയിൽ മലിനീകരണം ബോദ്ധ്യപ്പെടുകയും 07.05.2018 ന് 4 കിണറുകളിലെ ജലം കാക്കനാട് റീജിയണൽ അനലറ്റിക് ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയക്കുകയും ചെയ്തിരുന്നു. ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിൽ നിന്നും പുറംതള്ളുന്ന മലിനജലം സംസ്കരിക്കുന്ന ടാങ്കിനടുത്തുള്ള കിണറുകളിൽ പി.എച്ച്.മൂല്യം കുറവുള്ളതായും ഇത് ദൂരെയുള്ള കിണറുകളിൽ കൂടി കാണപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലിനജലം ഇതിന് കാരണമാകുന്നുണ്ടോ എന്ന് സ്ഥിരീകരിക്കുന്നതിന് വെള്ളത്തിന്റെ സാമ്പിൾ പൊല്യൂഷൻ കൺട്രോൾ അധികൃതർ ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന ഫലം വന്നിട്ടില്ല. നിലവിൽ ലഭ്യമായ പരിശോധനാ ഫലത്തിൽ വെള്ളത്തിൽ ഇ-കോളി ബാക്ടീരിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ചാലക്കുടി താലൂക്ക് ആശുപത്രിയിലെ മാലിന്യം യഥാവിധി സംസ്കരിക്കുന്നതിനായി ഒരു ആധുനിക മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മേജർ ആശുപത്രികളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചാലക്കുടി താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് ആശുപത്രി അധികൃതരിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ